പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1564 | 10.02.2020-ൽ മറുപടിക്ക്

## തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) പൂർത്തിയാക്കുവാൻ ഒരു വർഷത്തിൽ കൂടുതൽ സമയം വേണ്ടിവരുന്ന പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം മുതൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) പുതിയ ബഹു വർഷ പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഇതിനുള്ള പ്രത്യേക സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ; | ബി) നിലവിലുള്ള ഭരണസമിതിയുടെ അവസാന വർഷമാണ് 2020-21 എന്നതിനാലാണ് പുതിയ ബഹു വർഷ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുമ്പ് ആരംഭിച്ച ബഹു വർഷ പ്രോജക്ടുകളുടെ 2020-21 വർഷത്തേക്കുള്ള പ്രോജക്ട് ഘടകം പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. |
| സി) അടുത്ത വർഷത്തെ വികസന പദ്ധതികൾക്കൊപ്പം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ദുരന്തമാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി) ഉണ്ട്, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ വർക്കുകൾ ഉൾപ്പെടുത്തേണ്ടതുമാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ദുരന്ത നിവാരണ പദ്ധതിക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ